Draft #1 of File 74127/AC A1-2/2024/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 09-Oct-2024 02:48 PM - Page 1

YEARS OF CELEBRATING THE MAHATMA

**MAHATMA GANDHI UNIVERSITY, KERALA**

**Abstract**

Four Year Undergraduate Programme - Constitution of Examination Monitoring Appeal Committee in University - Members Nominated - Orders issued.

---

**ACADEMIC A 8 SECTION**

No. 9081/AC A 1/2024/MGU Priyadarsini Hills,Dated: 09.10.2024

---

*Read:*-G.O.(Rt) No.723/2024/HEDN dated 24.06.2024

**ORDER**

As per the reference cited, the Government has directed the University to take necessary steps towards the constitution of 'Examination Monitoring Committees' in its Affiliated institutions. Therefore, all Affiliated Colleges (including Autonomous Colleges) are directed to constitute a body called 'Examination Monitoring Committee'. The Committee shall have the authority to consider all matters, including grievances, related to examinations conducted in the institution and take appropriate decisions.

The Students shall have the right to file an appeal against the decisions of the College level 'Examination Monitoring Committee' in the University, within one month after the decision has been taken.

The Vice Chancellor has nominated the following members to constitute the University Level Examination Monitoring Appeal Committee

1. Pro Vice Chancellor (Chair Person)
2. Controller of Examinations (Convenor)
3. Dr. A S Sumesh (Syndicate Member)
4. Dr. Lijo Sebastian, Asst. Professor Dept of History, Baselius College Kottayam
5. Dr. O V Shine Asst. Professor Dept of History, St Mary 's College Manarcadu
6. Dr Sandhya C Associate Professor, Dept of Biochemistry KE College Mannanam
7. University Students' Union Chairperson

Orders are issued accordingly.

SREEJITH R

ASSISTANT REGISTRAR I
(ACADEMIC)
For REGISTRAR

Copy To

1. Principals of all Affiliated Colleges including Autonomous Colleges

2. PS to VC/ Nominated Members
3. PA to Registrar/CE
4. AR I(Academic)/ DR I(Academic)/JR II(Administration)
5. PRO/University Website/IQAC
6. Stock File/ File Copy/ Records

Draft #1 of File 74127/AC A1-2/2024/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 09-Oct-2024 02:48 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസം - നാലുവർഷ ബിരുദ പ്രോഗ്രാം - ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരീക്ഷാ മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുന്നത് - നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.723/2024/HEDN തീയതി,തിരുവനന്തപുരം, 24-06-2024

---

**ഉത്തരവ്**

സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പരീക്ഷാ-മൂല്യനിർണയ രീതികളിൽ സമഗ്രമായ മാറ്റമാണ് നിർദേശിച്ചിട്ടുള്ളത്. ബാഹ്യ-ആന്തരിക വിലയിരുത്തലിന്റെ അനുപാതം നിലവിൽ 80 : 20 എന്നുള്ളത് 70 : 30 എന്നാക്കി മാറ്റിയിട്ടുണ്ട്. നിലവിൽ ആന്തരിക വിലയിരുത്തലിന്റെ ഭാഗമായി എഴുത്തുപരീക്ഷ, അസൈൻമെന്റ് / സെമിനാർ എന്ന രീതിയാണ് അവലംബിക്കുന്നത്. നാലുവർഷ ബിരുദ പ്രോഗ്രാമിൽ ഓരോ അധ്യാപകനും കോഴ്സിന്റെ സ്വഭാവത്തിനനുസൃതമായും കോളേജിന്റെ പശ്ചാത്തലം കൂടി പരിഗണിച്ചുകൊണ്ടും ആവശ്യമായ രീതിയിലുള്ള പരീക്ഷാ / മൂല്യനിർണ്ണയരീതികൾ തിരഞ്ഞെടുക്കാനുള്ള പൂർണ്ണസ്വാതന്ത്ര്യമാണ് കരിക്കുലവും റെഗുലേഷനും നൽകുന്നത്.

2. സെമസ്റ്റർ പരീക്ഷയുടെ മൂല്യനിർണ്ണയരീതികളിലും കാതലായ മാറ്റം നിർദേശിച്ചിട്ടുണ്ട്. 1, 3, 5, 7 സെമസ്റ്ററുകളുടെ External പരീക്ഷയുടെ മൂല്യനിർണ്ണയം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിൽ നടത്തുന്നതിനു പകരം അതത് കോളേജുകളിൽ തന്നെ നടത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒരു കോഴ്സിലൂടെ വിദ്യാർത്ഥി സ്വായത്തമാക്കേണ്ട വിജ്ഞാനം, നൈപുണി, അഭിരുചി എന്നിവ ആർജ്ജിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയ രീതികളിലുള്ള മാറ്റവും അധ്യാപകർക്ക് കൂടുതൽ സ്വയംഭരണം നൽകുന്നു.

3. ഉത്തമമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന ഈ പരിഷ്കരണങ്ങൾ പൊതുവിൽ അംഗീകരിക്കപ്പെട്ടുമ്പോൾ തന്നെയും, അകാരണമായി വിദ്യാർഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുമെന്ന ആശങ്ക വിദ്യാർത്ഥികളും രക്ഷിതാക്കളും വിവിധ സംഘടനകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

4. ഈ പശ്ചാത്തലത്തിൽ. ഓരോ കോളേജിനകത്തും പരീക്ഷ സംബന്ധിയായ ഏതു വിഷയവും പരിഗണിക്കാനും അതിന് ഉചിതമായ പരിഹാരം നിർദ്ദേശിക്കാനും അധികാരമുള്ള ഉന്നത വിദ്യാഭ്യാസ പരീക്ഷാ മോണിറ്ററിങ് കമ്മിറ്റി, ചുവടെ പറയുന്ന

നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഓരോ കോളേജിലും രൂപീകരിക്കുന്നതിന് സർവ്വകലാശാലകൾ നടപടി സ്വീകരിക്കേണ്ടതാണ് :

- കോളേജ് പ്രിൻസിപ്പൽ ഈ സമിതിയുടെ ചെയർപേഴ്സണും FYUGP കോ-ഓർഡിനേറ്റർ സമിതിയുടെ കൺവീനറുമാകണം.
- കോളേജ്. കൗൺസിൽ നോമിനേറ്റ് ചെയ്യുന്ന 2 / 3. അധ്യാപകർ (10 ഡിഗ്രി പ്രോഗ്രാമുകൾ വരെയുള്ള കോളേജുകളിൽ രണ്ടും, പത്തിന് മുകളിൽ പ്രോഗ്രാമുകളുണ്ടെങ്കിൽ മൂന്നും അധ്യാപകർ), വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ, PTA വൈസ് പ്രസിഡണ്ട്, ഓഫീസ് സൂപ്പറിന്റെന്റന്റ് എന്നിവർ സമിതിയിലെ അംഗങ്ങളാകണം. കോളേജ് കൗൺസിൽ നോമിനേറ്റ് ചെയ്യുന്ന അധ്യാപകരിൽ ഒരാൾ വനിത ആയിരിക്കണം.
- SC/ST/PWD/ട്രാൻസ്ജെൻഡർ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ നൽകുന്ന പരാതി പരിഗണിക്കുന്ന സമിതിയിൽ ഈ വിഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും, ആവശ്യമായ അംഗങ്ങളെ സമിതിയിലേക്ക് ക്ഷണിതാവായി ഉൾപ്പെടുത്താൻ പ്രിൻസിപ്പലിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.
- കോളേജ് തലത്തിൽ വരുന്ന പരാതികൾ 48 മണിക്കൂറിനകം സർവകലാശാലക്ക് റിപ്പോർട്ട് ചെയ്യണം. പരാതിയിന്മേൽ ഒരു മാസത്തിനകം മോണിറ്ററിങ് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും, ഈ തീരുമാനം രേഖാമൂലം 7 പ്രവൃത്തി ദിവസത്തിനകം സർവകലാശാലയെ അറിയിക്കേണ്ടതുമാണ്.
- കോളേജ് തല പരീക്ഷാ മോണിറ്ററിങ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ ഒരു മാസത്തിനുള്ളിൽ വിദ്യാർത്ഥിക്ക് സർവകലാശാലയിൽ അപ്പീൽ നൽകാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.
- ഇതിനായി സർവകലാശാല തലത്തിൽ ഒരു അപ്പീൽ സംവിധാനം രൂപീകരിക്കണം. സർവകലാശാല പ്രൊ-വൈസ് ചാൻസലർ ചെയർപേഴ്സനും പരീക്ഷാ കൺട്രോളർ കൺവീനറുമായ ഒരു സമിതിയെയാണ് ഇതിനായി നിയോഗിക്കേണ്ടത്. കൂടാതെ. സിൻഡിക്കേറ്റ് ശിപാർശ ചെയ്യുന്ന ഒരു അധ്യാപക സിൻഡിക്കേറ്റ് അംഗം, സർവകലാശാല സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അധ്യാപകർ (ഇതിൽ ഒരാൾ വനിതയും ഒരാൾ SC/ST/PWD വിഭാഗത്തിൽ നിന്നുമാകണം), സർവകലാശാല വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സൺ എന്നിവർ അംഗങ്ങളുമാകും. പരാതി ലഭിച്ച് ഒരു മാസത്തിനകം സമിതി പരിഹാരം നിർദ്ദേശിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനിൽ കുമാർ.വി.എസ്.**
അഡിഷണൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ.
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്.
രജിസ്ട്രാർ, കേരള / മഹാത്മാഗാന്ധി / കാലിക്കറ്റ് / കണ്ണൂർ / കുസാറ്റ് / ശ്രീശങ്കരാചാര്യ സംസ്കൃത

/ തുഞ്ചത്തെഴുത്തച്ഛൻ മലയാള / ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല.

www.highereducation.kerala.gov.in

കരുതൽ ഫയൽ / ഓഫീസ് കോപ്പി (B3/190/2024-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 24-06-2024 17:14:54
സെക്ഷൻ ഓഫീസർ

പകർപ്പ് :

ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പി.എസ്.-ന്

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്